PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session —1969

(Second Meeting)

Monday, the 29th September, 1969

Vol. XXV] OFFICIAL REPORT [No. 13

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 29th September 1969, with Mr. Speaker in the Chair.

1. QUESTIONS AND ANSWERS

[The number within brackets indicates the number in the list of admitted questions for the session]

Oral Answers

ശ്രീ. കെ. കരുണാകരൻ : സർ, ഈ സഭ തുടരുന്നതിന്റെ ഔചിത്യത്തെ സംബന്ധിച്ച ഒരു ക്രമപ്രശ്നം ഉന്നയിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ : സർ, ഇതു ചോദ്യോത്തരങ്ങൾക്കുള്ള സമയമാണു്.

മി. സ്പീക്കർ : ആർഡർ, ആർഡർ. ചോദ്യോത്തരസമയം കഴിഞ്ഞിട്ടാകാം, ചോദ്യം നമ്പർ 674.

സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ടവരിൽ തിരിച്ചെടുക്കപ്പെട്ടവർ

* 180. [774] ശ്രീ. എം. കെ. ദിവാകരൻ :

,, ടി. എ. മജീദ് :

,, പി എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണാപഹരണം തുടങ്ങിയ കുറ്റങ്ങൾ ആരോപിച്ചു് സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ട എത്രപേരെ ഈ ഗവണ്മെന്റു് തിരിച്ചെടുത്തിട്ടുണ്ടു് ;

(ബി) അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ :

(സി) ഇവരിൽ കൊട്ടാരക്കര ട്രഷറിയിൽ ജോലിനോക്കിയിരുന്ന ശ്രീ. രവീന്ദ്രൻ ഉൾപ്പെട്ടുവോ ;

(ഡി) മി. രവീന്ദ്രന്റെ പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്തെല്ലാമായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ. ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഇല്ല; രവീന്ദ്രൻ സസ്പെൻഷനിലായിരുന്നു.

(ഡി) കൊട്ടാരക്കര സബ് ട്രഷറിയിലെ സ്ട്രോങ്ങ് റൂമിൽ സൂക്ഷിച്ചിരുന്ന പണത്തിന്റെ സുരക്ഷിതത്വത്തിനു വേണ്ടത്ര ശ്രദ്ധപതിപ്പിക്കാതിരിക്കുകയും, 10-10-1956-ൽ പ്രസ്തുത ഉദ്യോഗത്തിൽനിന്നു ചാർജ്ജു വിട്ടുപോരും ഇരട്ടപ്പൂട്ടിൽ സൂക്ഷിച്ചിരുന്ന തുക കൈപ്പറ്റിയതായി ട്രഷററുടെ കാഷ് ബാലൻസ് ഷീറ്റിൽ സൂക്ഷ്മപരിശോധനയ്ക്കുശേഷം പിൻഗാമിയെക്കൊണ്ട് രേഖപ്പെടുത്തിക്കാതിരിക്കുകയും ചെയ്തുവഴി ശ്രീ. രവീന്ദ്രൻ ഗുരുതരമായ ഉപേക്ഷയും കൃത്യവിലോപവും കാണിക്കുകയും അങ്ങനെ ഗവണ്മെന്റിനു 41,181.87 രൂപ നഷ്ടപ്പെടാൻ ഇടയാക്കുകയും ചെയ്തു എന്നായിരുന്നു അദ്ദേഹത്തിന്റെ പേരിൽ ഉന്നയിക്കപ്പെട്ടിരുന്ന കുറ്റാരോപണം.

ശ്രീ. ടി. എ. മജീദ് : ഈ ഉദ്യോഗസ്ഥനെ സസ്പെൻസിൽ തിരിച്ചെടുക്കാൻ പാടില്ലെന്നു ഇതിനുമുൻപു രണ്ടുമൂന്നുപ്രാവശ്യം ഗവണ്മെന്റു ഉത്തരവു പുറപ്പെടുവിച്ചിരുന്നില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ ഉത്തരവു പുറപ്പെടുവിക്കാൻ ഇടയില്ല. ശ്രീ. രവീന്ദ്രൻ സസ്പെൻഷനിലായിരുന്നു. അന്വേഷണം നടത്തി കുറ്റക്കാരനാണോ എന്നു തെളിയുന്നതിനുമുൻപു തിരിച്ചെടുത്തുകൂടാ എന്നു ഗവണ്മെന്റു ഉത്തരവു പുറപ്പെടുവിക്കേണ്ട ഇടയില്ല. ഈ ഗവണ്മെന്റു വന്നതിനുശേഷം, ഈ ഉദ്യോഗസ്ഥന്റെ പേരിൽ കൊടുത്തിരുന്ന കേസ് കുറ്റം തെളിഞ്ഞിട്ടില്ലെന്നു പറഞ്ഞു ഹൈക്കോടതി തള്ളുകയും അതിനുശേഷം അഡ്മിനിസ്ട്രേറ്റീവായിട്ട് അയാളുടെ പേരിൽ നടപടിയെടുക്കാം എന്നും, എടുക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തിരുന്നതിനാൽ ആ വിവരം ഗവണ്മെന്റു ബോർഡിനെ അറിയിച്ചിരുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ : കോടതി കേസു തള്ളിക്കളഞ്ഞുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചപ്പോൾ, അഡ്മിനിസ്ട്രേറ്റീവായിട്ട് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കണമെന്നു നിർദ്ദേശിച്ചതനുസരിച്ച് എന്തു നടപടിയെടുത്തു ?

ശ്രീമതി കെ. ആർ. ഗൗരി : റവന്യൂബോർഡാണ് അപ്പായിന്റിംഗ് അതോറിട്ടി. അതുപ്രകാരം അന്വേഷിച്ചതിൽ, കുറ്റക്കാരനല്ലെന്നു കോടതി പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാൻസൽ ചെയ്തിട്ട് രവീന്ദ്രനെ സർവ്വീസിലെടുക്കുകയും കഴിഞ്ഞകാലത്തെ ശമ്പളം മുഴുവൻ കൊടുക്കാൻ ഉത്തരവാക്കുകയും ചെയ്തതായിട്ടാണറിയുന്നതു്. അങ്ങനെയൊരു ആർഡർ പാസ്സാക്കിയതിനുശേഷം ഈ ഗവണ്മെന്റു സുവോ മോട്ടോ ആയിട്ട് അപ്പീൽ കൊടുത്തിരിക്കുകയാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇതിനുമുൻപുണ്ടായിരുന്ന ഏതെങ്കിലും ഗവണ്മെന്റിനു് ഈ കേസു പുനഃപരിശോധിക്കണമെന്നു കാണിച്ച് രവീന്ദ്രൻ അപേക്ഷകൊടുത്തിരുന്നോ ; അതു തള്ളിക്കളഞ്ഞതിനുശേഷമാണോ രവീന്ദ്രൻ കോടതിയിൽ പോയതു് ?

ശ്രീമതി കെ. ആർ. ഗൗരി : ഏതെല്ലാം ഗവണ്മെന്റിനു ഇതിനുമുൻപു അപേക്ഷകൊടുത്തു എന്നു വ്യക്തമായി പറയാൻ നിവൃത്തിയില്ല. ഹൈക്കോടതി ജഡ്ജ്മെന്റു വന്നതിനുശേഷം ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിൽപിന്നെ അടുത്ത കാലത്തു പത്രത്തിൽ വാർത്ത വന്നപ്പോൾ ഫയൽ നോക്കി അതിൽനിന്നു മനസ്സിലാക്കിയതു്, ഹൈക്കോടതി അഡ്മിനിസ്ട്രേറ്റീവായിട്ട് നടപടിയെടുക്കാം

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വേണ്ടതുചെയ്യാൻ ബോർഡിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ബോർഡു അയാൾ കുറക്കാരനല്ലെന്നു പറഞ്ഞു തിരിയെ സർവ്വീസിൽ പ്രവേശിപ്പിച്ചിരിക്കുകയാണെന്നാണു്, ഗവണ്മെന്റു സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തിരിക്കുകയാണു്. കേസിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

ശ്രീ. പി. രവീന്ദ്രൻ: ഈ ഉദ്യോഗസ്ഥനു ശമ്പളം നൽകേണ്ടതില്ല എന്നു ഗവണ്മെന്റു ഉത്തരവു പുറപ്പെടുവിച്ചിട്ടില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : ഇതു സംബന്ധിച്ച വിവരം പത്രത്തിലാണു ഞാൻ കണ്ടതു്. എപ്പോ വിവരവും ഞാൻ അറിയണമെന്നില്ല. ബോർഡാണു നിയമനാധികാരി. പത്രത്തിൽ വിവരം കണ്ടിട്ടു് സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കാൻ അധികാരമുണ്ടോ എന്നു നിയമോപദേശം തേടിയതിനുശേഷം അതു ചെയ്തിരിക്കുകയാണു്. ശമ്പളം കൊടുക്കണമെന്നുമാത്രമല്ല രവീന്ദ്രൻ കൊടുത്തിട്ടുള്ള വേറൊരു പെറ്റീഷനിൽ സസ്പെൻഷൻകാലം ലീവായിട്ടു കണക്കാക്കി അർഹതയുള്ള പ്രമോഷൻകൂടി നൽകണമെന്നാവശ്യപ്പെട്ടിരുന്നു. അതും സ്റ്റേ ചെയ്തിട്ടുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : 41000ത്തിലധികം രൂപയോളം ഗവണ്മെന്റിനു നഷ്ടപ്പെട്ടതു ഈടാക്കിയിട്ടുണ്ടോ, അതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : പണാപഹരണം നടത്തിയെന്നല്ല പറഞ്ഞതു്, അതാണു ചാർജ്ജു്. വേറെ വല്ലവരും അതിൽ കുറവാളികളാണോ എന്നും അറിവില്ല. ഈ കേസു അപ്പീലിനു വിധേയമായിരിക്കുന്നതിനാൽ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ് : തിരിയെ ജോലിയിൽ പ്രവേശിപ്പിച്ചപ്പോൾ ഏതു ലാവണത്തിലാണു് നിയമിച്ചതു് ?

ശ്രീമതി കെ. ആർ. ഗൗരി : ഗവണ്മെന്റല്ല ബോർഡാണു് തിരിയെ ജോലിയിൽ നിയമിച്ചതു്. ബോർഡാണു നിയമനാധികാരി.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : രവീന്ദ്രന്റെ പേരിൽ അഡ്മിനിസ്ട്രേറ്റീവായിട്ടു് നടപടിയെടുക്കണമെന്നും, കമ്പൽസറിയായിട്ടു് അയാളെ സർവ്വീസിൽ നിന്നു പിരിച്ചുവിടണമെന്നും ഗവണ്മെന്റു ഒരു ഡിസിഷൻ എടുത്തിരുന്നതല്ലേ?

ശ്രീമതി കെ. ആർ. ഗൗരി : ഈ കേസിനെ സംബന്ധിച്ചിടത്തോളം എന്നെക്കാളും ശ്രീ. ചന്ദ്രശേഖരൻനായർക്കറിയാമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ കേസു വളരെ 'ഷാബി'യായിട്ടാണു് ട്രീറ്റു ചെയ്തതു്.

ശ്രീ. കെ. കരുണാകരൻ : രവീന്ദ്രനെ സർവ്വീസിൽനിന്നു പിരിച്ചുവിടണമെന്നു ഏതെങ്കിലും സാഹചര്യത്തിൽ ഗവണ്മെന്റു കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ ആർഡർ പുറപ്പെടുവിക്കാൻ സാദ്ധ്യത ഇല്ല. കേസു ഡിസ്പോസുചെയ്യാതെ തിരിയെ പ്രവേശിപ്പിക്കരുതെന്നു ആർഡർ കൊടുക്കാൻ ഇടയില്ല. ഇതു സംബന്ധിച്ച വിശദവിവരം ഫയലിൽനോക്കി മനസ്സിലാക്കാൻ സമയം കിട്ടിയില്ല. ഇന്നലെ രാത്രി വളരെ വൈകിയാണു് ഡൽഹിയിൽനിന്നു വന്നതു്.

ശ്രീ. കെ. കരുണാകരൻ : ചോദ്യത്തിൽ എ. ബി. വിഭാഗങ്ങൾക്കു വിവരം ശേഖരിച്ചുവരുന്നു' എന്നാണു മറുപടി പറഞ്ഞിരിക്കുന്നതു്. സെക്രട്ടറിയറ്റിൽനിന്നു ഇതുസംബന്ധിച്ച വിവരം ശേഖരിക്കാൻ എന്താണിത്ര വിഷമം?

ശ്രീമതി കെ. ആർ ഗൗരി : തിരിയെ എടുക്കുന്നു അഥോറിറ്റി സെക്രട്ടറിയറ്റു അധികൃതരല്ല. നിയമനവും തിരിച്ചെടുക്കലും മറ്റും നടത്തുന്നതു് കളക്ടരും മറ്റു

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റ് ഹെഡ്ഡുമാണു്. അതുകൊണ്ടാണു് വിവരം ശേഖരിക്കാൻ താമസം നേരിടുന്നതു്.

ശ്രീ. എം. രാമണ്ണി : തിരിച്ചടക്കാൻ ഉത്തരവായതു് ഫൈനാൻസു മിനിസ്റ്റാണോ, സപ്ലൈസിന്റെ ചാർജ്ജുവഹിക്കുന്ന മിനിസ്റ്റർ ആണോ ?

ശ്രീമതി. കെ. ആർ. ഗൗരി : റവന്യൂബോർഡാണു കേസു് ഡിസ്പോസു ചെയ്തു നടപടി സ്വീകരിച്ചതു്. ട്രഷറി ഇപ്പോഴും ഫൈനാൻസിന്റെ കീഴിലാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പണാപഹരണം നടത്തിയെന്ന കേസിനു വിധേയരായ ആളെ തിരിയെ എടുക്കാൻ കോടതി ഉത്തരവു പുറപ്പെടുവിച്ചാൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീമതി കെ. ആർ. ഗൗരി : രേണുഘടനയുടെ കാര്യമൊന്നും പറയരുതു്, പുതുക കുഴപ്പമാവും.

ഔദ്യോഗികഭാഷ നിയമനിർമ്മാണ കമ്മീഷൻ

* 181. [675] ശ്രീ. പി. പി. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗികഭാഷ നിയമനിർമ്മാണ കമ്മീഷൻ നിയമപദസൂചികയും നിയമതർജ്ജിമയും തയ്യാറാക്കിക്കഴിഞ്ഞുവോ ;

(ബി) കോടതികളിൽ ഔദ്യോഗികഭാഷ മലയാളമാക്കാനുള്ള നടപടികളും എത്രത്തോളം പുരോഗമിച്ചുവെന്ന വിശദമാക്കാമോ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ശബ്ദാവലി തയ്യാറാക്കികൊണ്ടിരിക്കുകയാണു്. ഇൻഡ്യയുടെ രേണുഘടനയുടെ തർജ്ജിമ തീരാറായിക്കഴിഞ്ഞു.

(ബി) ഡിസ്ട്രിക്റ്റു സെഷൻസു് കോടതികളും ഉപ്പെടെയുള്ള എല്ലാ കീഴ്ക്കോടതി നടപടികളും ഇംഗ്ലീഷിലോ മലയാളത്തിലോ ആണു് നടക്കുന്നതു്. എല്ലാ കോടതികളിലും പൊതുവേ സാക്ഷിവിസ്താരം നടത്തുന്നതിനു പ്രാദേശിക ഭാഷ (മലയാളം) ഉപയോഗിക്കുന്നുണ്ടു്. എന്നാൽ കാസർകോടു് മുൻസിഫു് കോടതിയിൽ കർണ്ണാടകവും നടപടിക്രമങ്ങൾക്കു് സ്വീകരിച്ചിട്ടുണ്ടു്. തെളിവുകളും മലയാളത്തിലാണു് രേഖപ്പെടുത്താറുള്ളതു്. എന്നാൽ ഏതാനും ചില പ്രിസൈഡിംഗു് ആഫീസർമാർക്കു് ഇംഗ്ലീഷിൽ തെളിവുകളും രേഖപ്പെടുത്താനും അവകാശം നൽകിയിട്ടുണ്ടു്. വിധിന്യായങ്ങളും കല്പനകളും മിക്കവാറും ഇംഗ്ലീഷിലേ രേഖപ്പെടുത്താറുള്ളു. എന്നാൽ വിധികളും രേഖപ്പെടുത്തുന്നതു തിരു—കൊച്ചി ഭാഗത്തു് മലയാളത്തിലും മലബാർ പ്രദേശത്തു് ഇംഗ്ലീഷിലുമാണു്. മലയാളത്തിലുള്ള വിധികളും ഹൈക്കോടതിയുടെ ആവശ്യത്തിനായി ഇപ്പോൾ പരിഭാഷപ്പെടുത്താറില്ല. അതിനുള്ള നടപടികളും നിലവിലില്ല. കൂടാതെ അതിനായി പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതായും വരും. കോടതികളിലെ എല്ലാ ഔദ്യോഗിക നടപടികളും പൂർണ്ണമായും പ്രാദേശിക ഭാഷകളിലാക്കുന്നതിനുള്ള സമയം ആയില്ല എന്നാണു് ഹൈക്കോടതിയുടെ അഭിപ്രായം.

ശ്രീ. പി. പി. ജോർജ്ജു് : കമ്മീഷന്റെ അംഗങ്ങളും ആരാണെന്നും കമ്മീഷന്റെ പ്രവർത്തനം എന്നത്തേക്കു് പൂർത്തിയാകുമെന്നും പറയാമോ ?

ശ്രീമതി. കെ. ആർ. ഗൗരി : കമ്മീഷന്റെ പ്രവർത്തനം എന്നത്തേയ്ക്കു് പൂർത്തിയാകുമെന്നു ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. അവരുടെ ജോലിയായിട്ട

LIBRARY ARCHIVES Kerala Legislative Assembly